**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6153** **09-11-2021 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ കുടിവെള്ള വിതരണ സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ മഴക്കെടുതിയിൽ തകർന്ന കുടിവെള്ള വിതരണ സംവിധാനങ്ങളുടെ വിശദാംശം അറിയിക്കാമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിൽ മഴക്കെടുതിയിൽ തകർന്ന കുടിവെള്ള വിതരണ സംവിധാനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു. 1. പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിലെ നെടുങ്കയം പമ്പ് ഹൗസ് ഭാഗികമായി വെള്ളത്തിൽ മുങ്ങുകയും. 17/10/2021 മുതൽ അറ്റകുറ്റപ്പണികൾക്ക് ശേഷം പമ്പിങ് പുനരാരംഭിക്കുകയും ചെയ്തു. 2. ഈരാറ്റുപേട്ട മുൻസിപ്പാലിറ്റിക്കു വേണ്ടി ജല വിതരണം നടത്തുന്ന ഇലക്കയം പമ്പ് ഹൗസിൽ പമ്പിങ് സംവിധാനം വെള്ളപ്പൊക്കം മൂലം തകരാറിലായി. അറ്റകുറ്റ പണികൾക്ക് ശേഷം 19/10/2021 മുതൽ പമ്പിങ് പുനരാരംഭിച്ചു. 3. തലനാട് പഞ്ചായത്തിനു വേണ്ടി വെള്ളം പമ്പ് ചെയ്യുന്ന തീക്കോയി ആറിന്റെ തീരത്തുള്ള തലനാട് കിണറിന്റെ പാർശ്വഭിത്തിക്കുണ്ടായിരുന്ന കേട് അധികരിക്കുകയും കിണറിൽ വലിയതോതിൽ മണലും ചെളിയും അടിയുകയും ചെയ്തതുമൂലം പമ്പിങ് തടസ്സപ്പെട്ടു. 17/10/2021 തീയതി പമ്പിങ് പുനരാരംഭിച്ചു എങ്കിലും 18/10/2021 തീയതി വീണ്ടും തടസ്സം നേരിട്ടു. ചെളി നീക്കം ചെയ്തു 02/11/21ന് രാത്രിയോടെ പമ്പിങ് പുനരാരംഭിച്ചു 4. ഈരാറ്റുപേട്ട അരുവിത്തറ പമ്പ്ഹൗസിലെ പമ്പിങ് അറ്റകുറ്റപ്പണികൾക്ക് ശേഷം 19/10/2021 തീയതി മുതൽ പുനരാരംഭിച്ചു. 2021 ലെ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും മൂലം പൂഞ്ഞാർ മണ്ഡലത്തിൽ തകർന്ന ജലനിധിയുടെ 47 കുടിവെള്ള വിതരണ സംവിധാനങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. 1. കൂട്ടിക്കൽ പഞ്ചായത്ത് -14 പദ്ധതികൾ 2. പാറത്തോട്പഞ്ചായത്ത് - 21 പദ്ധതികൾ 3. തിടനാട് പഞ്ചായത്ത് - 8 പദ്ധതികൾ 4. തീക്കോയി പഞ്ചായത്ത് -1 പദ്ധതി 5. പൂഞ്ഞാർ തെക്കേക്കര പഞ്ചായത്ത്- 3 പദ്ധതികൾ |
| (ബി) | പ്രസ്തുത സംവിധാനങ്ങൾ പൂർവ്വസ്ഥിതിയിലാക്കാൻ | (ബി) | മേൽ സൂചിപ്പിച്ച കേരള വാട്ടർ അതോറിറ്റിയുടെ |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | | എല്ലാ പമ്പ് ഹൗസ്സുകളിലും അറ്റകുറ്റ പണികളും ശുചീകരണ പ്രവൃത്തികളും യുദ്ധകാല അടിസ്ഥാനത്തിൽ സ്വീകരിച്ച് പമ്പിങ് പുനരാരംഭിച്ചു. തലനാട് കിണറിന്റെ അറ്റകുറ്റ പണികൾ വേനൽകാലത്ത് മാത്രമേ സാധ്യമാകുകയുള്ളൂ. ജലനിധി പദ്ധതികളുടെ പുനർ നിർമ്മാണത്തിനായി 2.61 കോടി രൂപയുടെ പ്രാരംഭ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽ സ്രോതസ്സിന്റെ പുനരുദ്ധാരണം ആവശ്യമില്ലാത്ത പദ്ധതികൾ 2021 ഡിസംബർ 31-ഓടുകൂടിയും മറ്റു പദ്ധതികൾ 2022 മാർച്ച് മാസത്തോടെയും പൂർത്തിയാക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ